GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

30th September 2015

## ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളുടെ സംവരണം : എണ്ണം നിശ്ചയിച്ചു

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് നടക്കുന്ന ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളിലെ സംവരണത്തിനുള്ള എണ്ണം നിശ്ചയിച്ചു. ഗ്രാമപഞ്ചായത്തുകളിലെ ആകെയുള്ള 941 പ്രസിഡന്റ് സ്ഥാനങ്ങളിൽ വനിതകൾക്ക് 471 ഉം പെതുവിഭാഗത്തിന് 470 സ്ഥാനങ്ങളാവും ലഭിക്കുക. വനിതാ സംവരണ സ്ഥാനങ്ങളിലും പൊതുവിഭാഗത്തിലും പട്ടിക ജാതികൾക്ക് 46 ഉം പട്ടിക വർഗ്ഗത്തിന് എട്ടും ലഭിയ്ക്കും. ബ്ലോക്ക് പഞ്ചായത്തുകളിലെ ആകെയുള്ള 152 പ്രസിഡന്റ് സ്ഥാനങ്ങളിൽ വനിതകൾക്ക് 77 സ്ഥാനങ്ങൾ ലഭിയ്ക്കും. ഇതിൽ എട്ട് എണ്ണം പട്ടിക ജാതികൾക്കും രണ്ട് എണ്ണം പട്ടിക വർഗ്ഗങ്ങൾക്കും ഉള്ളതാണ്. പൊതുവിഭാഗത്തിൽ നിന്ന് ഏഴ് എണ്ണം പട്ടിക ജാതികൾക്കും ഒരെണ്ണം പട്ടിക വർഗ്ഗത്തിനും ലഭിയ്ക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14 സ്ഥാനങ്ങളിൽ വനിതകൾക്ക് ഏഴെണ്ണം ലഭിയ്ക്കും. പൊതു വിഭാഗത്തിലെ ഒരെണ്ണം പട്ടിക ജാതികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

*(എസ്.ഇ.സി. 61/2015)*

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിശദാംശങ്ങൾ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കായി നിയോഗിക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ട വിഭാഗങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും നൽകി. ഇതനുസരിച്ച് ഉദ്യോഗസ്ഥ വിന്യാസത്തിനായുള്ള ഇ-ഡ്രോപ്പ് സംവിധാനത്തിൽ അംഗനവാടി വർക്കേഴ്സ്/ആയമാർ എന്നിവരേയും സ്വാശ്രയ സ്ഥാപനങ്ങൾ, സ്വകാര്യ സ്കൂളുകൾ. പ്രാഥമിക സഹകരണ സംഘം, രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്ന സൊസൈറ്റികൾ എന്നിവിടങ്ങളിലേയും ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ട്. പോലീസ്, ഫയർ & റെസ്ക്യൂ സർവ്വീസ്, ആരോഗ്യ വകുപ്പ് തുടങ്ങിയ അവശ്യ സർവ്വീസുകളിൽപ്പെടുന്ന ഉദ്യോഗസ്ഥരും തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു. നീതിന്യായ വകുപ്പ് ഉദ്യോഗസ്ഥർ, പുരോഹിതന്മാർ എന്നിവരാണ് ഒഴിവാക്കപ്പെട്ട മറ്റ് രണ്ട് വിഭാഗങ്ങൾ.

മിക്കവാറും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ട ഉദ്യോഗസ്ഥരുടെ സ്ഥാപന വിവരങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥരെ പ്പറ്റിയുള്ള വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലുള്ള കൃത്യത പരിശോധിക്കുന്നതിന് അതാതു അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധിച്ചതിന്മേലുള്ള ഇവരുടെ ദിനം പ്രതിയുള്ള റിപ്പോർട്ട് കമ്മീഷന് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 62/2015)*